"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കോഴിക്കോട് ജില്ലയിലെ കുതിരവട്ടം സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലെ കുക്ക്, ശ്രീ. ശിവദാസൻ വി.സി (പെൻ നം. 600056) -യ്ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്.**

സ.ഉ.(സാധാ) നം.964/2025/H&FWD തീയതി,തിരുവനന്തപുരം, 31-03-2025

പരാമർശം:-

1. സ.ഉ.(പി) നം. 46/97/വിജി തീയതി 31.07.1997.
2. 16.03.2022 തീയതിയിലെ എസ്.സി 7/22/എൻ.ആർ.കെ നമ്പർ കത്ത് പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പോലീസ് സൂപ്രണ്ട് സമർപ്പിച്ച മിന്നൽ പരിശോധനാ റിപ്പോർട്ട്.
3. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 04.06.2022 തീയതിയിലെ ഇ13 (എസ്.സി.07/2022/എൻ.ആർ.കെ) 1346/2022 നമ്പർ കത്ത്.
4. സ.ഉ.(സാധാ) നം. 2126/2022/ആ.കു.വ തീയതി 27.08.2022.
5. ശ്രീ. ശിവദാസൻ വി.സി-യ്ക്കെതിരെയുള്ള 24.10.2022 തീയതിയിലെ ഇതേ F2/244/2022-HEALTH നമ്പർ കുറ്റപത്രവും കുറ്റാരാപണ പത്രികയും.
6. ശ്രീ. ശിവദാസൻ വി.സി സമർപ്പിച്ച 05.12.2022 തീയതിയിലെ എതിർവാദപത്രിക.
7. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 20.09.2023 തീയതിയിലെ ആ.വ.ഡ/3113/2022/ഇ.സി.6 നമ്പർ കത്ത്.
8. സ.ഉ.(സാധാ) നം.2977/2023/H&FWD തീയതി 10.11.2023.
9. കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) -ടെ 31.03.2024 തീയതിയിലെ DMOH -KKD/638/2023-A6 നമ്പർ കത്ത്.
10. ശ്രീ. ശിവദാസൻ വി.സി-യ്ക്കെതിരെയുള്ള 17.07.2024 തീയതിയിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
11. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. ശിവദാസൻ വി.സി സമർപ്പിച്ച 29.08.2024 തീയതിയിലെ മറുപടി
12. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 13.11.2024 തീയതിയിലെ ആ.വ.ഡ/3113/2022/ഇ.സി.6 നമ്പർ കത്ത്.

13. 28.03.2025 തീയതിയിലെ F2/244/2022-HEALTH നമ്പർ സർക്കാർ കത്ത്.
14. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 28.03.2025 തീയതിയിലെ A1-3/10/2025-KPSC നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കുതിരവട്ടം സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലെ അന്തേവാസികൾക്ക് സർക്കാർ അനുവദിച്ച ഭക്ഷണ പദാർത്ഥങ്ങൾ മുഴുവനായി പാകം ചെയ്യാതെ ജീവനക്കാരായ പാചകക്കാർ സ്വന്തം ആവശ്യത്തിനായി കൊണ്ടുപോകുന്നുവെന്ന ആരോപണത്തിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഉത്തര മേഖലാ യൂണിറ്റ് 11.03.2022-ൽ പ്രസ്തുത സ്ഥാപനത്തിൽ നടത്തിയ മിന്നൽ പരിശോധനയിൽ, ടി സ്ഥാപനത്തിലെ മെസ്സിൽ കുക്കായി ജോലി ചെയ്തുവന്നിരുന്ന ശ്രീ. ശിവദാസൻ വി.സി (പെൻ നം. 600056) അവിടത്തെ രോഗികൾക്ക് ഭക്ഷണം പാകം ചെയ്യാൻ ആരോഗ്യ കേന്ദ്രം ഡയറ്റീഷ്യൻ സ്റ്റോറിൽ നിന്നും നൽകിയതായ അരി, പച്ചക്കറി, പാൽ, പലവ്യഞ്ജനങ്ങൾ എന്നിവ പാകം ചെയ്യാൻ മുഴുവനായും ഉപയോഗിക്കാതെ അവയിൽ ഒരു ഭാഗം മാറ്റിവെച്ച് വൈകുന്നേരം ജോലി കഴിഞ്ഞ് പോകുമ്പോൾ അവ ബാഗിൽ ഒളിപ്പിച്ച് സ്വന്തം ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാനോ വില്പന നടത്തുവാനോ ഉള്ള ഉദ്ദേശ്യത്തോടെ നിയമവിരുദ്ധമായി കടത്തിക്കൊണ്ടുപോയതായി കണ്ടെത്തിയ സാഹചര്യത്തിൽ ശ്രീ. ശിവദാസൻ വി.സി-യെ സസ്പെന്റ് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന പരാമർശം (3) പ്രകാരമുള്ള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (4) ഉത്തരവ് പ്രകാരം അച്ചടക്ക നടപടികളുടെ ഭാഗമായി ഉടൻ പ്രാബല്യത്തിൽ ശ്രീ. ശിവദാസൻ വി.സി-യെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവായിരുന്നു.

2. തുടർന്ന്, ശ്രീ. ശിവദാസൻ വി.സി-യ്ക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ, ചട്ടം 15 അനുസരിച്ച് പരാമർശം (5) പ്രകാരം കുറ്റാരോപണ പത്രിക നൽകി സർക്കാർ അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി. പരാമർശം (6) പ്രകാരം സമർപ്പിച്ച എതിർവാദ പത്രികയിൽ ശ്രീ. ശിവദാസൻ വി.സി ആരോപണങ്ങളെല്ലാം നിഷേധിക്കുകയുണ്ടായി. എന്നാൽ മാനസികാരോഗ്യ കേന്ദ്രത്തിൽ നിന്നും പുറത്തേയ്ക്ക് പോയപ്പോൾ അന്വേഷണ സംഘം ശ്രീ. ശിവദാസൻ വി.സി-യുടെ പക്കൽ നിന്നും കണ്ടെത്തിയ ഭക്ഷണ സാധനങ്ങൾ ഏതു വിധത്തിൽ കൈവശം എത്തി എന്നുള്ളതിൽ വ്യക്തമായ വിശദീകരണം നൽകുവാൻ ടിയാന് സാധിച്ചിട്ടില്ലായെന്നത് വിലയിരുത്തി പ്രതിവാദ പത്രിക അസ്വീകാര്യമാണെന്ന് പരാമർശം (7) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3. കുറ്റാരോപിതനെതിരെ കഠിനശിക്ഷയ്ക്കുള്ള അച്ചടക്ക നടപടികൾ ആരംഭിച്ചതിനാൽ, 1960- ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ, ചട്ടം 15(2)/(12) പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിനായി കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസിലെ സീനിയർ സൂപ്രണ്ട് (ജനറൽ) - നെ നിയോഗിച്ച് പരാമർശം (8) പ്രകാരം ഉത്തരവായിരുന്നു. ഔപചാരിക അന്വേഷണത്തിൽ, മാനസികാരോഗ്യ കേന്ദ്രത്തിലെ പാചകക്കാർ ജോലിയ്ക്ക് പ്രവേശിക്കുമ്പോഴും ജോലി കഴിഞ്ഞ് പോകുമ്പോഴും അവരെ സെക്യൂരിറ്റി

ജീവനക്കാർ പരിശോധിക്കണമെന്ന് സ്ഥാപന സൂപ്രണ്ടിന്റെ കർശന നിർദ്ദേശം ഉണ്ടായിരുന്നെങ്കിലും സെക്യൂരിറ്റി ജീവനക്കാരുടെ കുറവ് കാരണം ആയത് കൃത്യമായി പാലിക്കപ്പെട്ടിരുന്നില്ലായെന്നും, ജീവനക്കാരുടെ മൊഴി, ലഭ്യമായ രേഖകൾ എന്നിവ പരിശോധിച്ചതിൽ നിന്നും 11.03.2022-ന് ശ്രീ. ശിവദാസൻ വി.സി കോഴിക്കോട് സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലെ അടുക്കളയിൽ നിന്നും അരി, പാൽ, പച്ചക്കറി, പലവ്യഞ്ജനങ്ങൾ തുടങ്ങിയവ കടത്തിക്കൊണ്ട് പോകാൻ ശ്രമിച്ചിട്ടുണ്ടെന്നും കണ്ടെത്തിയിരുന്നു. മാത്രമല്ല, ശ്രീ. ശിവദാസൻ.വി.സി, നേരത്തെ സമാന വിഷയത്തിൽ അച്ചടക്ക നടപടി നേരിട്ട് ശിക്ഷാ നടപടികൾ സ്വീകരിച്ച വ്യക്തിയാണെന്നും ആയത് വീണ്ടും ആവർത്തിച്ചിരിക്കുന്നു എന്നും കണ്ടെത്തിയിരുന്നു.

4. ഔദ്യോഗിക സ്ഥാനം ദുർവിനിയോഗം നടത്തി മാനസികാരോഗ്യ കേന്ദ്രത്തിലെ അടുക്കളയിൽ നിന്നും അരി, പാൽ, പച്ചക്കറി, പലവ്യഞ്ജന സാധനങ്ങൾ തുടങ്ങിയവ കടത്തിക്കൊണ്ട് പോകാൻ ശ്രമിച്ചിട്ടുള്ളതും സമാന വിഷയത്തിൽ അച്ചടക്ക നടപടി നേരിട്ട് ശിക്ഷാ നടപടികൾ സ്വീകരിച്ച വ്യക്തി ആയത് ആവർത്തിച്ചിരിക്കുന്നു എന്നതും ഗുരുതരമായ ഔദ്യോഗിക കൃത്യവിലോപമായി സർക്കാർ വിലയിരുത്തുകയും സർക്കാർ ജീവനക്കാരനെന്ന നിലയിൽ കൃത്യനിർവ്വഹണത്തിൽ ആത്മാർത്ഥതയും സത്യസന്ധതയും പുലർത്തേണ്ട ശ്രീ. ശിവദാസൻ വി.സി നടത്തിയ ടി പ്രവൃത്തിക്ക് ടിയാനെതിരെ കേരള സിവിൽ സർവ്വീസസ് (തരംതിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ ചട്ടം 11 (1)(vA) പ്രകാരം ഒരു ഇൻക്രിമെന്റ് സഞ്ചിതഫല പ്രാബല്യത്തോടെ തടയുവാൻ സർക്കാർ താത്ക്കാലിക തീരുമാനമെടുത്ത് പരാമർശം (10) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. ശ്രീ. ശിവദാസൻ വി.സി, കാരണം കാണിക്കൽ നോട്ടീസിന് പരാമർശം (11) പ്രകാരം സമർപ്പിച്ച മറുപടിയിലും മുമ്പ് ഉന്നയിച്ച എതിർവാദങ്ങളിൽനിന്ന് വ്യത്യസ്തമായോ കൂടുതലായോ ഒന്നും സമർപ്പിച്ചിരുന്നില്ലെന്നും മറുപടി തൃപ്തികരമായി കാണുന്നില്ലെന്നും മനോരോഗ ആശുപത്രിയിലെ രോഗികൾക്ക് വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങൾ കടത്തിക്കൊണ്ടു പോയതിന് വിജിലൻസ് പിടികൂടിയ വ്യക്തികൾക്ക് ഉചിതവും മാതൃകാപരവുമായ ശിക്ഷ നൽകാവുന്നതാണെന്നും ശിക്ഷ ലഘൂകരിച്ച് നൽകേണ്ടതില്ലായെന്നും ആയതിനാൽ കാരണം കാണിക്കൽ നോട്ടീസിൽ പ്രതിപാദിക്കുന്ന താത്കാലിക ശിക്ഷ സ്ഥിരീകരിച്ച് നൽകാവുന്നതാണെന്നും പരാമർശം (12) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

5. ശ്രീ. ശിവദാസൻ വി.സി നേരിൽ കാര്യങ്ങൾ ബോധിപ്പിക്കുവാൻ ഒരു അവസരം കൂടി നൽകണമെന്ന് ആവശ്യപ്പെട്ടതു പ്രകാരം 12.2.2024-ന് ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ് അണ്ടർ സെക്രട്ടറി ടിയാനെ നേരിൽ കേൾക്കുകയുണ്ടായി. എന്നാൽ ഔപചാരിക അന്വേഷണത്തിൽ കണ്ടെത്തിയതിനുപരിയായി ഹിയറിംഗ് സമയത്ത് കുറ്റാരോപിതന് യാതൊന്നുംതന്നെ ബോധിപ്പിക്കുവാൻ കഴിയാതിരുന്ന സാഹചര്യത്തിൽ, ടി വ്യക്തിക്ക് മാതൃകാപരമായ ശിക്ഷ നൽകാവുന്നതാണെന്നും, കാരണം കാണിക്കൽ നോട്ടീസിൽ നിശ്ചയിച്ചിട്ടുള്ള ശിക്ഷ സ്ഥിരപ്പെടുത്താവുന്നതുമാണെന്നുള്ള ഭരണ വകുപ്പിന്റെ തീരുമാനം വിജിലൻസ് വകുപ്പ് അംഗീകരിക്കുകയും ചെയ്തിരുന്നു.

6. ശ്രീ.ശിവദാസൻ വി.സി. നേരത്തേ സമാനവിഷയത്തിൽ അച്ചടക്കനടപടി നേരിട്ട് ശിക്ഷാനടപടികൾ സ്വീകരിച്ച വ്യക്തിയാണെന്നും ആയത് ആവർത്തിച്ചിരിക്കുന്നു എന്നതും 31.03.2025 ൽ വിരമിക്കുന്നു എന്നുമുള്ള വസ്തുതകൾ കണക്കിലെടുത്ത് ടിയാനെതിരെ കേരള സിവിൽ സർവ്വീസസ് (തരംതിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ ചട്ടം 11(1) (vA) പ്രകാരം ഒരു ഇൻക്രിമെന്റ് സഞ്ചിതഫല പ്രാബല്യത്തോടെ തടയുവാൻ (ശിക്ഷ നടപ്പിലാക്കാൻ

സാധിക്കാത്ത പക്ഷം ഇൻക്രിമെന്റ് തടയുന്നതിന് തുല്യമായ തുക ടിയാളുടെ ശമ്പളത്തിൽ നിന്നോ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നോ ഈടാക്കുവാനും നിർദ്ദേശം നല്കാം) തീരുമാനിച്ച താൽക്കാലിക ശിക്ഷ സ്ഥിരപ്പെടുത്തുന്നതിന്മേൽ പരാമർശം (13) പ്രകാരം സർക്കാർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടിയിരുന്നു. പരാമർശം (14) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ലഭ്യമാക്കിയ കത്തിൽ, സർക്കാരിന്റെ തീരുമാനത്തോട് ബഹു. കമ്മീഷൻ യോജിക്കുന്നതായി അറിയിക്കുകയും അപ്രകാരം സർക്കാരിനെ ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്.

7. മേൽ സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ കുതിരവട്ടം സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലെ മെസ്സിൽ പാചകക്കാരനായി ജോലി ചെയ്തിരുന്ന ശ്രീ. ശിവദാസൻ വി.സി. (31.03.2025-ന് വിരമിക്കും)-യ്ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി, കേരള സിവിൽ സർവ്വീസസ് (തരംതിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ ചട്ടം 11(1) (vA) പ്രകാരം ടിയാന്റെ ഒരു ഇൻക്രിമെന്റ് സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞുകൊണ്ടുള്ള (ശിക്ഷ നടപ്പിലാക്കാൻ സാധിക്കാത്ത പക്ഷം ഇൻക്രിമെന്റ് തടയുന്നതിന് തുല്യമായ തുക ടിയാളുടെ ശമ്പളത്തിൽ നിന്നോ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നോ ഈടാക്കുവാനും) കാരണം കാണിക്കൽ നോട്ടീസിലെ താൽക്കാലിക ശിക്ഷ സ്ഥിരപ്പെടുത്തി തീർപ്പാക്കി, ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ജോയിന്റ് സെക്രട്ടറി

ശ്രീ. ശിവദാസൻ വി.സി., കുക്ക്, മാനസികാരോഗ്യകേന്ദ്രം, കുതിരവട്ടം, കോഴിക്കോട്.

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, കോഴിക്കോട്.

ജില്ലാ മെഡിക്കൽ ഓഫീസർ, കോഴിക്കോട്.

സൂപ്രണ്ട്, മാനസികാരോഗ്യ കേന്ദ്രം, കുതിരവട്ടം, കോഴിക്കോട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ശേഖരം /ഓഫീസ് കോപ്പി (F2/244/2024/HEALTH ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
Date: 31-03-2025 14:49:45